ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ആഗോളതലത്തിൽ അതിവേഗം വളരുന്ന പ്രധാന സമ്പദ് വ്യവസ്ഥകളിൽ ഒന്നായി ഇന്ത്യ മുന്നേറുകയാണെന്ന് കേന്ദ്രസർക്കാർ.

   The central government says that India is emerging as one of the fastest growing major economies globally.

2) രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച പാർലമെന്റിന്റെ ഇരുസഭകളിലും പുരോഗമിക്കുന്നു.

   The discussion on the motion of thanks on the President's policy address is progressing in both the houses of Parliament.

3) രാജ്യത്ത് പുതിയ 15 നമോ ഭാരത് ട്രെയിനുകൾ, 100 അമൃത് ഭാരത് ട്രെയിനുകൾ 200 വന്ദേ ഭാരത് ട്രെയിനുകൾ, എന്നിവ അനുവദിച്ചതായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. കേരളത്തിനായി റെയിൽവേ ബജറ്റിൽ 3042 കോടി രൂപ വകയിരുത്തി.

   Railway Minister Ashwini Vaishnav says that 15 new Namo Bharat trains, 100 Amrit Bharat trains and 200 Vande Bharat trains have been sanctioned in the country. Rs 3042 crore has been allocated in the Railway Budget for Kerala.

4) ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം അവസാനിച്ചു. വോട്ടെടുപ്പ് മറ്റന്നാൾ.

The campaigning for the Delhi Assembly elections ends. The voting is on the day after tomorrow.

5) കേരളത്തിൽ പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു.

Chief Minister Pinarayi Vijayan inaugurates 30 functional SMART Anganwadis in Kerala.

6) ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന്റെ നീന്തൽ താരം സജൻ പ്രകാശിന് വെള്ളി.

Kerala swimmer Sajan Prakash wins silver at the 38th National Games in Uttarakhand.

********************

## PARL - MOTION OF THANKS

രാഷ്ട്രപതിയുടെ പാർലമെൻറിലെ നയപ്രഖ്യാപന പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയചർച്ചയ്ക്ക് ഇരുസഭകളിലും തുടക്കമായി. ജനുവരി 31 ന് ആരംഭിച്ച പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഏപ്രിൽ 4 വരെ തുടരും.

********************

## EVE. RS-Motion of Thanks

രാജ്യം ഇപ്പോൾ എല്ലാ അർത്ഥത്തിലും വികസിത ഭാരതത്തിലേക്ക് നീങ്ങുകയാണെന്നും കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും രാജ്യസഭയിൽ രാഷ്ട്രപതിയ്ക്കുള്ള നന്ദി പ്രമേയ ചർച്ചയ്ക്ക് തുടക്കമിട്ട ബിജെപി അംഗം കിരൺ ചൗധരി പറഞ്ഞു. തൊഴിലില്ലായ്മ, സാധനങ്ങളുടെ വിലക്കയറ്റം, യുഎസ് ഡോളറിനെതിരെ ഇന്ത്യൻ രൂപയുടെ മൂല്യ തകർച്ച തുടങ്ങിയ

വിഷയങ്ങൾ കോൺഗ്രസ് നേതാവ് മല്ലികാർജുൻ ഖാർഗെ ചർച്ചയിൽ ഉന്നയിച്ചു. സർക്കാരിൽ വിവിധ വകുപ്പുകളിൽ ഒഴിവുകൾ ഉണ്ടെങ്കിലും അവ നികത്തപ്പെടുന്നില്ലെന്ന് ഖാർഗെ പറഞ്ഞു. ജാതി സെൻസസ് നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

********************

## LS-UNEMPLOYMENT

രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 6 ശതമാനത്തിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 3.2 ശതമാനമായി കുറഞ്ഞതായി തൊഴിൽ സഹമന്ത്രി ശോഭ കരന്ദ്ലാജെ ലോക്സഭയിൽ അറിയിച്ചു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നാല് കോടിയിലധികം യുവാക്കൾക്ക് തൊഴിൽ അവസരങ്ങളും വൈദഗ്ധ്യവും സുഗമമാക്കുന്നതിനായി പ്രധാനമന്ത്രിയുടെ പാക്കേജിന് കീഴിലുള്ള അഞ്ച് പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

********************

## FICCI- POST BUDGET CONFERENCE

ആഗോളതലത്തിൽ അതിവേഗം വളരുന്ന പ്രധാന സമ്പദ് വ്യവസ്ഥകളിൽ ഒന്നായി ഇന്ത്യ മുന്നേറുകയാണെന്ന് കേന്ദ്രസർക്കാർ. കൃഷി, ആരോഗ്യം, അടിസ്ഥാന സൗകര്യവികസനം തുടങ്ങി എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകിയുള്ള ബജറ്റാണ് ഇത്തവണത്തേതെന്ന് കേന്ദ്ര ധനകാര്യ സെക്രട്ടറി തുഹിൻ കാന്ത പാണ്ഡെ പറഞ്ഞു. ന്യൂഡൽഹിയിൽ 2025-26 ലെ കേന്ദ്ര ബജറ്റിനെക്കുറിച്ചുള്ള ഫിക്കി കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

********************

## Ashwini Vaishnav (INTRO)

കേരളത്തിനുള്ള റെയിൽവേ ബജറ്റ് വിഹിതം 3042 കോടി രൂപയെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. കേന്ദ്രബജറ്റിൽ പ്രഖ്യാപിച്ച റെയിൽവേ പദ്ധതികളും വകയിരുത്തലും സംബന്ധിച്ച് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അമൃത് സ്റ്റേഷൻ

പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 35 സ്റ്റേഷനുകൾ നവീകരിച്ചതായി കേന്ദ്രമന്ത്രി അറിയിച്ചു.
(വോയിസ്...)
രാജ്യത്ത് പുതിയ 15 നമോ ഭാരത് ട്രെയിനുകൾ, 100 അമൃത് ഭാരത് ട്രെയിനുകൾ 200 വന്ദേ ഭാരത് ട്രെയിനുകൾ, എന്നിവ അനുവദിച്ചതായും കേന്ദ്രമന്ത്രി അറിയിച്ചു.

********************

## Delhi Election

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം അവസാനിച്ചു. 70 അംഗ നിയമസഭയിലേയ്ക്ക് മറ്റെന്നാളാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ഈ മാസം എട്ടിന് നടക്കും. വോട്ടെടുപ്പ് ദിവസം രാവിലെ 7 മുതൽ വൈകിട്ട് 6.30 വരെ തിരഞ്ഞെടുപ്പ് കമ്മീഷൻ എക്സിറ്റ് പോൾ വിലക്കിയിട്ടുണ്ട്.

********************

## KERALA-CM

കേരളത്തിൽ പ്രവർത്തനസജ്ജമായ 30 സ്മാർട്ട് അങ്കണവാടികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിച്ചു. ഐ.സി.ഡി.എസ് പദ്ധതി 50-ാം വർഷത്തിലെത്തുമ്പോൾ രാജ്യത്തിനാകെ മാതൃകയാകുന്ന നടപടികളുമായാണ് സംസ്ഥാനം മുന്നോട്ട് പോകുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

********************

## NATIONAL SPORTS

ഉത്തരാഖണ്ഡിൽ നടക്കുന്ന 38-ാമത് ദേശീയ ഗെയിംസിൽ കേരളത്തിന്റെ നീന്തൽ താരം സജൻ പ്രകാശിന് വെള്ളി. 200 മീറ്റർ വ്യക്തിഗത മെഡ്‌ലീ വിഭാഗത്തിലാണ് മെഡൽ നേട്ടം. 15 കിലോമീറ്റർ സ്ക്രാച്ച് റേസിൽ കേരളത്തിന്റെ അദ്വൈത് ശങ്കർ വെള്ളി മെഡൽ കരസ്ഥമാക്കി. അതേസമയം വനിതകളുടെ വാട്ടർ പോളോ ഇനത്തിലും നീന്തലിൽ 4x100 മീറ്റർ ഫ്രീ സ്റ്റൈൽ റിലേയിലും കേരളം ഫൈനലിൽ പ്രവേശിച്ചു. മെഡൽ നേട്ടത്തിൽ കർണാടകയാണ് ഒന്നാം സ്ഥാനത്ത്. സർവീസസ് രണ്ടാം

സ്ഥാനത്തും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. കേരളം പട്ടികയിൽ പതിനൊന്നാമതാണ്.

********************

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഒഡിഷ പോരാട്ടം. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം. പോയിൻറ് പട്ടികയിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് നാലാമതും ഒഡിഷ ഏഴാമതുമാണ്.

********************

## BCCI CASH REWARD

അണ്ടർ 19 വനിതാ ടി20 ക്രിക്കറ്റ് ലോകകപ്പ് കിരീടം കരസ്ഥമാക്കിയ ഇന്ത്യൻ ടീമിന് 5 കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ച് ബിസിസിഐ.

മലേഷ്യയിലെ ബയ്യൂമാസ് ഓവലിൽ നടന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തിയാണ് ഇന്ത്യൻ വനിതകൾ ജേതാക്കളായത്.

********************

## RS-CIVIL AVIATION (INTRO)

ലോകത്തെ മുൻനിര വ്യോമയാന വിപണിയായി ഇന്ത്യ മാറിയെന്ന് കേന്ദ്രസർക്കാർ. ഇന്ത്യൻ വ്യോമയാന മേഖലയിൽ 800 വിമാനങ്ങൾ സർവീസ് നടത്തുന്നുണ്ടെന്നും വിമാനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ടെന്നും കേന്ദ്ര വ്യോമയാന മന്ത്രി കിഞ്ചരാപ്പു റാംമോഹൻ നായിഡു രാജ്യസഭയിൽ പറഞ്ഞു. സാങ്കേതിക തകരാറുകളും സുരക്ഷാ പ്രശ്നങ്ങളും കുറയ്ക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(Hold VOICE)

അടുത്ത 10 വർഷത്തിനുള്ളിൽ ഉഡാൻ എക്സ്റ്റൻഷൻ പദ്ധതിക്ക് കീഴിൽ 100 പുതിയ വിമാനത്താവളങ്ങൾ കൂടി സ്ഥാപിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

********************

## Dubail Medical LABORATORY

ദുബായ് വേൾഡ് ട്രേഡ്സെൻററിൽ ഇന്ന് ആരംഭിച്ച മെഡിക്കൽ ലബോറട്ടറി പ്രദർശനത്തിൻറെ 24-ാം പതിപ്പിൽ 40 രാജ്യങ്ങളിൽ നിന്നുള്ള 800 ലധികം സംരംഭകർ പങ്കെടുക്കുന്നു. മെഡിക്കൽ ലബോറട്ടറി സാങ്കേതിക വിദ്യയുടേയും ആരോഗ്യ സംരക്ഷണ നവീകരണ മാർഗ്ഗങ്ങളുടേയും നാല് ദിവസത്തെ പ്രദർശനത്തിനാണ് തുടക്കമായത്. 62 ഇന്ത്യൻ കമ്പനികൾ ഇതിൽ പങ്കെടുക്കുന്നുണ്ട്.

********************

## SYRIA BLAST

വടക്കൻ സിറിയയിൽ മാൻബിജ് മേഖലയിലുണ്ടായ കാർ ബോംബ് സ്ഫോടനത്തിൽ 19 പേർ കൊല്ലപ്പെട്ടു. മരിച്ചവരിൽ ഒരാളൊഴികെ ബാക്കിയെല്ലാവരും സ്ത്രീകളാണെന്ന് പ്രാദേശിക സിറിയൻ സിവിൽ ഡിഫൻസ് അറിയിച്ചു. സ്ഫോടനത്തിൽ 15 പേർക്ക് പരിക്കേറ്റു.

********************

## PM-INTERNSHIP SCHEME

2024 ഒക്ടോബർ 3 ന് ആരംഭിച്ച പ്രധാനമന്ത്രി ഇന്റേൺഷിപ് പദ്ധതിയിൽ ഇതുവരെ ആറ് ലക്ഷത്തിലധികം അപേക്ഷകൾ ലഭിച്ചതായി കേന്ദ്ര സഹമന്ത്രി ഹർഷ് മൽഹോത്ര ലോക്സഭയിൽ അറിയിച്ചു. പദ്ധതിക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്നും ജനുവരി 9 ന് ആരംഭിച്ച രണ്ടാം ഘട്ടത്തിൽ കമ്പനികൾ പുതിയ ഇന്റേൺഷിപ്പ് അവസരങ്ങൾ പോസ്റ്റ് ചെയ്യുന്ന പ്രക്രിയയിലാണെന്നും മന്ത്രി പറഞ്ഞു.

********************

## IRON ORE PRODUCTION

നടപ്പു സാമ്പത്തിക വർഷം ഡിസംബർ വരെയുള്ള കാലയളവിൽ രാജ്യത്തെ ഇരുമ്പയിര് ഉൽപ്പാദനം 2.5 ശതമാനം വളർച്ച കൈവരിച്ച് 203 ൽ നിന്നും 208 ദശലക്ഷം മെട്രിക് ടണ്ണായി ഉയർന്നതായി ഖനി മന്ത്രാലയം അറിയിച്ചു. ഇതേ കാലയളവിൽ മാംഗനീസ് അയിരിന്റെ ഉൽപ്പാദനം 8.3 ശതമാനവും ചെമ്പ് ഉൽപ്പാദനം 7.3 ശതമാനം വർദ്ധിച്ചു.

********************

## RS-COAL

രാജ്യത്ത് കൽക്കരി ഉൽപ്പാദനം 2030 ൽ 1533 ദശലക്ഷം ടണ്ണായി ഉയരുമെന്ന് കൽക്കരി, ഖനി മന്ത്രി ജി. കിഷൻ റെഡ്ഡി രാജ്യസഭയിൽ പറഞ്ഞു. കൽക്കരി, ലിഗ്നൈറ്റ് എന്നിവയുടെ നിലവിലെ റോയൽറ്റി നിരക്കുകൾ പരിഷ്കരിക്കേണ്ടതില്ലെന്ന് ഇത് സംബന്ധിച്ച പഠനം നടത്തിയ വിദഗ്ധ സംഘത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചതായും മന്ത്രി അറിയിച്ചു.

********************

## Aero india

ഏഷ്യയിലെ ഏറ്റവും വലിയ എയ്റോ ഷോയായ എയ്റോ ഇന്ത്യയുടെ പതിനഞ്ചാമത് പതിപ്പ് ഈ മാസം 10 മുതൽ 14 വരെ ബംഗളൂരുവിലെ യെലഹങ്കയിലുള്ള എയർഫോഴ്സ് സ്റ്റേഷനിൽ നടക്കും. ആഗോള, ഇന്ത്യൻ ബഹിരാകാശ വ്യവസായങ്ങളിലെ പുരോഗതിയെക്കുറിച്ച് മനസ്സിലാക്കാൻ അവസരമൊരുക്കുകയാണ് പ്രദർശനത്തിലൂടെ ലക്ഷ്യമിടുന്നത്. പരിപാടിയുടെ ഭാഗമായി, പ്രതിരോധ മന്ത്രിമാരുടെ കോൺക്ലേവ്, എയർ ഷോകൾ, എയ്റോസ്പേസ് കമ്പനികളുടെ വ്യാപാര മേള തുടങ്ങിയവയും സംഘടിപ്പിക്കും.

********************

## LS-SPORTS

2028 ഒളിമ്പിക്സിന് തയ്യാറെടുക്കുന്നതിനായി സ്വകാര്യ മേഖലയുമായി സഹകരിച്ച് സമഗ്രമായ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് കേന്ദ്രസർക്കാർ. സിഎസ്ആർ പദ്ധതിയുടെ ഭാഗമായി ദേശീയ കായിക വികസന ഫണ്ടിലേക്ക് സംഭാവന നൽകുന്നതിനായി കോർപ്പറേറ്റ്, പൊതുമേഖലാ സ്ഥാപനങ്ങളുമായി സർക്കാർ നിരന്തരം ബന്ധപ്പെടുന്നുണ്ടെന്ന് കേന്ദ്ര കായിക മന്ത്രി മൺസൂഖ് മാണ്ഡവ്യ ലോക്സഭയിൽ പറഞ്ഞു.

********************

## LS- DIGITAL PAYMENT

കഴിഞ്ഞ സാമ്പത്തിക വർഷം രാജ്യത്തെ ഡിജിറ്റൽ പേയ്മെന്റ് ഇടപാടുകൾ 18,000 കോടി രൂപയിലധികം വർദ്ധിച്ച് വാർഷിക വളർച്ചാ നിരക്ക് 44 ശതമാനം രേഖപ്പെടുത്തി. ലോക്സഭയിൽ ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി അറിയിച്ചതാണ് ഇക്കാര്യം.

********************

## SENSEX-GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബേ ഓഹരി സൂചിക സെൻസെക്സ് 319 പോയിൻറ് നഷ്ടത്തിൽ 77,187ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 121 പോയിൻറ് നഷ്ടത്തിൽ 23,361ലും വ്യാപാരം അവസാനിപ്പിച്ചു.

********************

****************

****